**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അങ്കണവാടി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ മുപ്പത്തി ഒൻപതാം നമ്പർ അങ്കണവാടിയുടെ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക അതേ പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മാറ്റി അനുവദിക്കുന്നതിന് വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | (എ) സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി 2021-2022 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്ക് നിർമ്മാണാനുമതി നൽകിയിട്ടുള്ളതും, കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക അതേ പഞ്ചായത്തിലെ 36-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മാറ്റി അനുവദിക്കുന്നതിന് ലഭ്യമായ പ്രൊപ്പോസൽ ഭരണാനുമതി പുറപ്പെടുവിച്ച സാമ്പത്തിക വർഷം അവസാനിച്ചതിനാലും, നടപ്പ് സാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നതിനാലും പരിഗണിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | (ബി) ഇരിമ്പിളിയം പഞ്ചായത്തിലെ മുപ്പത്തി ആറാം നമ്പർ അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് 2023-24 വർഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ